**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 783** **24-08-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ തലത്തിലുള്ള പ്രസാധക വിഭാഗത്തിന്റെ പ്രവർത്തനം വിപുലമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | ആധുനിക മാധ്യമങ്ങളുടെ വരവോടെ പുതിയ തലമുറയിൽ വായനാശീലം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പുസ്തകങ്ങളും ആനുകാലികങ്ങളും ദിനപത്രങ്ങളും വായിക്കുന്ന ശീലം പുതുതലമുറയിൽ കുറയുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്. എന്നാൽ, പൊതുവിൽ വിദ്യാർത്ഥികളുടെ വായനശീലം വർദ്ധിക്കുന്നതായിട്ടാണ് മനസ്സിലാവുന്നത്. സോഷ്യൽ മീഡിയയിലെ വായനകൾ, ഡിജിറ്റൽ മാധ്യമങ്ങളിലൂടെയുള്ള വായനകൾ എന്നിവ വർദ്ധിച്ചുവന്നിട്ടുണ്ട്. ആയതിനു കാരണം ഇന്നത്തെ ശരാശരി കൗമാര-യൗവന പ്രായക്കാരുടെ വൈജ്ഞാനിക നിലവാരം മുൻതലമുറയെ അപേക്ഷിച്ച് വളരെ വലുതാണ് എന്നതാണ്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പുസ്തകവായന കുറവായത് പരിഹരിക്കുന്നതിന് ബോധവൽക്കരണം ആവശ്യമാണ്. ആയതിലേക്കുള്ള പ്രവർത്തനങ്ങൾ ഗ്രന്ഥശാലകൾ, സാംസ്കാരിക വകുപ്പിന് കീഴിലെ വിവിധ പ്രസിദ്ധീകരണ സ്ഥാപനങ്ങൾ മുഖേന നടത്തി വരുന്നു. കൂടാതെ ഡിജിറ്റൽ രൂപത്തിൽ പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>സർവ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന വിജ്ഞാന കോശം വാല്യങ്ങൾ, വിദ്യാർത്ഥികളിൽ വായനശീലം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരം ഡിഇഒ മുഖാന്തിരം, സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ക്രെഡിറ്റ് വ്യവസ്ഥയിലും നൽകുന്നുണ്ട്. കൂടാതെ വാല്യങ്ങൾ ആവശ്യപ്പെടുന്നവർക്കും എത്തിക്കാറുണ്ട്. |
| (സി) | പുസ്തകങ്ങളുടെ നിലവിലുണ്ടായിട്ടുള്ള വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് സർക്കാർ തലത്തിലുള്ള പ്രസാധക വിഭാഗത്തിന്റെ പ്രവർത്തനം വിപുലമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കോവിഡാനന്തരസാഹചര്യത്തിൽ പുസ്തക പ്രസാധനത്തിലുള്ള ചെലവ് ഏതാണ്ട് 4 0 മുതൽ 50 ശതമാനത്തോളം വർദ്ധിച്ചിട്ടുണ്ട്. ഈ രംഗത്ത് സർക്കാർ സ്ഥാപനങ്ങളായ കേരള സാഹിത്യ അക്കാദമി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , സർവ |

| | | | |
|---|---|---|---|
| | | | വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ സുസംഘടിതമായി പ്രവർത്തിച്ചു വരുന്നു.<br><br>പുസ്തക പ്രദർശനങ്ങളിലും , എല്ലാ മാസവും ആദ്യത്തെ 7 പ്രവൃത്തി ദിവസങ്ങളിലും സർവ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് 30% മുതൽ 50% വരെ വിലക്കിഴിവിൽ ലഭ്യമാകത്തക്ക രീതിയിൽ പുസ്തക പ്രദർശനം നടത്തി വരുന്നു.<br><br>കൂടാതെ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്,സാഹിത്യ അക്കാദമി എന്നിവയിൽ നിന്നുള്ള പ്രസിദ്ധീകരണങ്ങൾക്കു വിലക്കിഴിവ് നൽകി വിൽക്കുന്നതിന് സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ